# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6329. 31.10.2011-ൽ മറുപടിയ്ക്ക്

### ദീർഘായുസുള്ള മരങ്ങളുടെ പരിപാലനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>വി.റ്റി.ബൽറാം :<br>ഹൈബി ഈഡൻ :<br>എ.റ്റി.ജോർജ് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |

(എ) വനം വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(എ) വനം വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന രണ്ടുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. നടീൽ വസ്തുക്കളുടെ ഗുണമേൻമ വർദ്ധിപ്പിക്കാനുള്ള നടപടികൾ.
2. തോട്ടങ്ങളുടെ കൃത്യമായ പരിചരണം.

വിത്ത് ഉൽപാദനത്തിനുള്ള തോട്ടങ്ങളുടെ പരിചരണം. ക്ളോണൽ സീഡ് ഓർച്ചാർഡ്, സീഡ് സ്റ്റോർ, സെൻട്രൽ നഴ്സറി എന്നിവയിലൂടെ നടീൽ വസ്തുക്കളുടെ ഗുണമേൻമ ഉറപ്പാക്കുന്നു. തോട്ടങ്ങളുടെ പരിചരണം ഉറപ്പാക്കുന്നതിനായി അതാത് വർഷം ചെയ്യേണ്ടുന്ന ജോലികളുടെ മുൻകൂട്ടിയുള്ള പ്ളാൻ തയ്യാറാക്കി തോട്ടങ്ങളുടെ കൃത്യമായ പരിചരണം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ദീർഘകാലം നിലനിൽക്കുന്ന വൻ വൃക്ഷങ്ങളുടെ തൈകൾ നട്ട് പരിപാലിക്കുന്നതിന് നടപടി എടുക്കുമോ;

(ബി) ദീർഘകാലം നിലനിൽക്കുന്ന വൻ വൃക്ഷങ്ങളായ ഈട്ടി കമ്പകം, തേക്ക്, മഹാഗണി. മരുതി. ആഞ്ഞിലി. വേങ്ങ മുതലായവയുടെ തൈകൾ നട്ടു പരിപാലിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) വൻമരങ്ങൾ ഇല്ലാത്ത സ്ഥലത്ത് വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടി എടുക്കുമോ;

(സി) വ്യവസായിക ആവശ്യത്തിന് അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ, വർക്കിംഗ് പ്ളാനിൽ ഉൾക്കൊള്ളിക്കുകയും, ആയതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സെക്ഷൻ ഓഫീസർ